പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2009 7/07/2015-ൽ മറുപടിക്ക്

# പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പുതിയതായി എത്ര ഇലക്ട്രിക്കൽ സെക്ഷൻ ആഫീസുകൾ ആരംഭിക്കാനാണ് കെ.എസ്.ഇ.ബി, ഊർജ്ജ വകുപ്പിന് ശിപാർശ നൽകിയിട്ടുള്ളത്;<br><br>(ബി) കൊല്ലം ജില്ലയിൽ കുഴിമതിക്കാട് ആസ്ഥാനമാക്കി പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിനുള്ള ശിപാർശ ഊർജ്ജ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത ശിപാർശയിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ? | **(എ) യും (ബി) യും**<br>പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത് വൈദ്യുതി ബോർഡാണ്. ആയതിന്മേലുള്ള ശുപാർശകൾ ഊർജ്ജ വകുപ്പിൽ ലഭിക്കാറില്ല.<br>നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ അഥവാ 20,000 ഉപഭോക്താക്കൾ/ 100 ചതുരശ്ര കി.മീ. പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചു വരുന്നത്. പെരുമ്പുഴ, എഴുകോൺ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കുഴിമതിക്കാട് സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ബോർഡ് പരിശോധിച്ചിരുന്നു. എന്നാൽ പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ കുഴിമതിക്കാട് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**